**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** **19-06-2024 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടി ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | കോന്നി മെഡിക്കൽ കോളേജിൽ ചികിത്സതേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടി ഹൗസിംഗ് ബോർഡ് നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരവും ഭരണാനുമതിയും നൽകിയിരുന്നു. ടി പദ്ധതിയിലൂടെ 3 നിലകളായി 82 പേർക്ക് താമസ സൗകര്യം ലഭ്യമാകുന്ന കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിച്ചത്. എന്നാൽ കോന്നി മെഡിക്കൽ കോളേജിന് സമീപം സ്ഥലം ലഭ്യമല്ലാത്തതിനാൽ ടി പദ്ധതി തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കാർഷിക കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നടപ്പിലാക്കുന്നതിനുള്ള സാധ്യത തേടിയെങ്കിലും ഭൂമി ലഭ്യമായില്ല. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | കോന്നി മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ലക്ഷം വീട്ടു കോളനികളിലെ ഇരട്ടവീടുകൾ ഒറ്റ വീടാക്കുന്നതിനുള്ള പദ്ധതിയെകുറിച്ച് വിശദീകരിക്കാമോ? | (ബി) | 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ "എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി- നവയുഗം" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് മൂന്ന് കോടി രൂപയും, "എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി- സുവർണ്ണ ഭവനം" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഏഴ് കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പ്രകാരം ലക്ഷം വീട് കോളനികളിലെ നിലവിൽ ജീർണ്ണാവസ്ഥയിലുള്ള വീടുകൾ പുനർനിർമ്മിയ്ക്കുന്നതിനും ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ഉദ്ദേശിയ്ക്കുന്നത്. ആയതിൻപ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പു വർഷത്തെ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി കോന്നി മണ്ഡലത്തിലെ ലക്ഷം വീട് കോളനികളിലെ |

| | | | |
|---|---|---|---|
| | | | ഇരട്ട വീട്ടുകൾ ഒറ്റ വീടാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ